LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അട്ടപ്പാടി മേഖലയിൽ അഗളി പോലീസ് സ്റ്റേഷൻ പരിധിയിൽ ഗോട്ടിയാർകണ്ടിയിൽ 17-10-2015-ന മാവോയിസ്റ്റുകളും തണ്ടർ ബോൾട്ട് ഉൾപ്പെടുന്ന പോലീസ് സംഘവും തമ്മിൽ വെടിവെയ്പ് ഉണ്ടായിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഈ ഘട്ടത്തിൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(ഡി) മാവോയിസ്റ്റുകൾക്കെതിരെ പോലീസ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം അക്രമകാരികളായ മാവോയിസ്റ്റുകളെ ആദിവാസി മേഖലയിൽ നിന്നും സാമൂഹ്യമായി ഒറ്റപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് മനപിന്തുണയോടുകൂടിയ പോലീസ് നടപടികളാണ് സ്വീകരിച്ചുവരുന്നത്. മനങ്ങളുമായി യോജിച്ചുള്ള പ്രവർത്തനം അവരിൽ ആത്മവിശ്വാസം വളർത്തും.

(ഇ) ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ അനവധി വർഷങ്ങളായി മാവോയിസ്റ്റ് പ്രർത്തനമുണ്ട്. കേരളത്തിലെ വനപ്രദേശങ്ങളിൽ മുഖ്യമായും കേന്ദ്രീകരിക്കുന്ന ളിൽ ബഹുഭൂരിപക്ഷവും മറ്റുസംസ്ഥാനങ്ങളിൽ നിന്നുള്ളവരാണെന്ന് പോലീസ് തി നിഞ്ഞിട്ടുണ്ട്. താരതമ്യേന പുതുതായി ഉയർന്നുവന്നിട്ടുള്ളതും പരമ്പരാഗതമായി കാ യ പോലീസ് പ്രവർത്തനം നടക്കാത്തതുമായ വനാന്തരങ്ങളിൽ മുഖ്യമായും കേ ച്ചിട്ടുള്ളതിനാലുമാണ് മാവോയിസ്റ്റ് പ്രവർത്തനങ്ങൾ തടയുവാൻ എളുപ്പത്തിൽ ഴിയു ്. ഈ പ്രശ്നം കാര്യക്ഷമമായി നേരിടുന്നതിന സംസ്ഥാന പോലീസിന്റെ വിവിധ ശക്തപ്പെടുത്തിവരുന്നു. ഈ പ്രശ്നം സാധാരണ കുറ്റകൃത്യം കൈകാര്യം ചെയ്യ ത്തിൽ പോലീസ് നടപടികൊണ്ട് മാത്രം പരിഹരിക്കാൻ സാധിക്കുന്നതല്ല. ആദിവാ ലകളിലെ വികസനവും ആദിവാസികളെ മുഖ്യധാരയുമായി സംയോജിപ്പി ക്കേണ്ടതു പ്രധാനപ്പെട്ടതാണ്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള സമഗ്രമായ പദ്ധതിയ ക്കാരിനുള്ളത്.

സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ

281. ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസ ി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകൾക്ക് ക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും ചെയ്തിട്ടുണ്ട ള അതിക്രമങ്ങളുടെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ിച്ച് വ്യക്തമാക്കാമോ ;

(ബി) ഇത്തരം കേസ്സുകളിൽ തുടർനടപടികൾ സ്വീകരിക്കുന്നതിലും കോടതിയിലേക്ക് നടപടികൾ എത്തിക്കുന്നതിലും പോലീസിന്റെഭാഗത്ത് കാലതാമസവും അനാസ്ഥയും ഉണ്ടാകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(സി) സ്ത്രീകൾക്കുനേരെയുള്ള അതിക്രമകേസുകൾ രജിസ്റ്റർ ചെയ്യുന്നതിലും കുറ്റവാളികളെ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതിലും സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളുടെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്ത്രീകൾക്കുനേരെയുള്ള അതിക്രമകേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിലും കുറ്റവാളികളെ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതിലും സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കുന്നുണ്ടെന്ന ഉറപ്പ് വരുത്തുന്നതാണ്.

കൊലചെയ്യപ്പെട്ട കോൺഗ്രസ് പ്രവർത്തകരുടെ വിവര

282 (292) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതു വരെയായി പ്രവർത്തകരാൽ കൊലചെയ്യപ്പെട്ട കോൺഗ്രസ്സ് പ്രവർത്തകർ ആരൊക്കെയാണ് ; അവരുടെ പേര് വെളിപ്പെടുത്താമോ ;

(ബി) ഈ കൊലപാതകകേസ്സുകളിൽ പ്രതിചേർക്കപ്പെട്ട കോൺഗ്രസ്സ് പ്രവർത്തകർ ആരൊക്കെയെന്ന് വിശദമാക്കുമോ ;

(സി) ഇതിൽ ഏതെങ്കിലും കേസ് അന്വേഷണം സി.ബി.ഐക്ക് വിട്ടിട്ടുണ്ടോ ;

(ഡി) ഏതെല്ലാം കൊലപാതകം സംബന്ധിച്ച് പ്രത്യേകം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുവെന്ന് വിശദമാക്കുമോ ?

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly